## അദ്ധ്യായം II
## നിർമ്മാണ പ്രവർത്തനങ്ങളുടെ രജിസ്ട്രേഷനും തൊഴിലാളി ക്ഷേമനിധി സെസ്സിന്റെ നിർണ്ണയവും

കെട്ടിട നിർമ്മാണത്തൊഴിലാളികളെ ജോലിക്ക് നിർത്തുന്ന എല്ലാ നിർമ്മാണ പ്രവൃത്തികളുടെയും വിശദാംശങ്ങൾ എൽസിഎഎസ് രജിസ്ട്രേഷൻ പോർട്ടലിൽ നൽകിയിട്ടില്ല. 2023 മാർച്ചിലെ കണക്കനുസരിച്ച് സംസ്ഥാനത്തുടനീളമുള്ള 10,113 നിർമ്മാണ പ്രവൃത്തികൾ മാത്രമാണ് എൽസിഎഎസിൽ രേഖപ്പെടുത്തപ്പെട്ടത്. ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃത്യതയോടെ സൂക്ഷിക്കുന്നതിന് ബോർഡ് ഗുണഭോക്താക്കൾക്കുള്ള എഐഐഎസ് ഡാറ്റാബേസ് സംവിധാനം പൂർണ്ണമായും ഉപയോഗപ്പെടുത്തിയില്ല. തെരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ (എൽഎസ്ജിഐ) നിർമ്മിക്കപ്പെട്ട, സെസ്സ് നിർണ്ണയത്തിന് യോഗ്യത നേടിയ 7,312 കെട്ടിടങ്ങളിൽ 4,294 എണ്ണത്തിന്റെ വിശദാംശങ്ങൾ മാത്രമേ റവന്യൂ വകുപ്പിനു കീഴിലുള്ള താലൂക്ക് ഓഫീസുകൾ ശേഖരിച്ചുള്ളൂ. ഈ 4,294 കെട്ടിടങ്ങളിൽ 679 എണ്ണത്തിന്റെ വിശദാംശങ്ങൾ മാത്രമേ എൽസിഎഎസിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. 282 കേസുകളിൽ സെസ്സ് നിർണ്ണയം നടത്താൻ ഒന്നു മുതൽ അഞ്ചു വർഷം വരെ കാലതാമസം ഉണ്ടായി.

### 2.1. നിർമ്മാണ പ്രവൃത്തികളുടെ രജിസ്ട്രേഷൻ

ബിഒസിഡബ്ല്യൂ (ആർഇസിഎസ്) നിയമത്തിലെ വകുപ്പ് 7 പ്രകാരം, ഓരോ തൊഴിൽദാതാവും നിർമ്മാണ പ്രവർത്തനം[5] ആരംഭിച്ച് 60 ദിവസത്തിനകം നിർമ്മാണ പ്രവർത്തനം നടക്കുന്ന മേഖലയിലെ രജിസ്റ്ററിംഗ് ഓഫീസർക്ക് (ജില്ലാ ലേബർ ഓഫീസർ) അപേക്ഷ[6] നൽകേണ്ടതാണ്. നിർമ്മാണ പ്രവർത്തനത്തിന്റെ രജിസ്ട്രേഷൻ ഫീസ് സഹിതം ഫോറം I-ൽ അപേക്ഷയുടെ[7] മൂന്ന് പകർപ്പുകൾ രജിസ്റ്ററിംഗ് ഓഫീസർക്ക് സമർപ്പിക്കണം. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് രജിസ്റ്ററിംഗ് ഓഫീസർ നിർമ്മാണ പ്രവർത്തനം രജിസ്റ്റർ ചെയ്യുകയും 15 ദിവസത്തിനകം അപേക്ഷകന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (ഫോറം II) നൽകുകയും വേണം.

#### 2.1.1. ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (എൽസിഎഎസ്) വഴിയുള്ള രജിസ്ട്രേഷൻ

തൊഴിൽ വകുപ്പ് സേവനങ്ങൾ നൽകുന്നത് ടോട്ടൽ സൊല്യൂഷൻസ് പ്രൊവൈഡർ ആയ കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ) വികസിപ്പിച്ചെടുത്ത ''ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം'' (എൽസിഎഎസ്) എന്ന വെബ്-അധിഷ്ഠിത സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ വഴിയാണ്. തൊഴിൽനിയമ നിർമ്മാണങ്ങൾക്കനുസൃതമായി രജിസ്ട്രേഷൻ/ ലൈസൻസ് അനുവദിക്കൽ, ഇൻവെന്ററി മാനേജ്മെന്റ്, തർക്കപരിഹാരം, ഗ്രാറ്റുവിറ്റി, കോൾസെന്റർ നിരീക്ഷണം തുടങ്ങിയ വിവിധ സേവനങ്ങളുടെ ഘട്ടം ഘട്ടമായുള്ള വികസനത്തിന്റെയും,

---

5 സർക്കാർ നിയന്ത്രണത്തിലോ, ഏതെങ്കിലും ബോഡിയോ, കോർപറേറ്റോ, സ്ഥാപനമോ ഒരു വ്യക്തിയോ, സംഘടനയോ, വ്യക്തികളുടെ മറ്റു കൂട്ടായ്മയോ, നിർമ്മാണത്തൊഴിലികളെ വെച്ച് നിർമ്മിക്കുന്ന ഏതെങ്കിലും കെട്ടിടവും മറ്റു നിർമ്മാണ പ്രവൃത്തികളും, കരാറുകാരൻ ഏർപ്പെട്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുന്നു. എന്നാൽ ഏതെങ്കിലും കെട്ടിടത്തിന്റെയോ, തന്റെ സ്വന്തം വാസസ്ഥലത്തിന്റെ നിർമ്മാണപ്രവൃത്തികളുടെയോ, ഭാഗമായി തൊഴിലാളികളെ ജോലിയ്ക്ക് നിർത്തുന്ന വ്യക്തി, അത്തരം നിർമ്മാണപ്രവൃത്തിയുടെ മൊത്തം അടങ്കൽ ₹10 ലക്ഷം കവിയാത്തിടത്തോളം ഈ നിർവചനത്തിൽപ്പെടുന്നില്ല.

6 കേരളാ ചട്ടങ്ങളിലെ ചട്ടം 25

7 ഫോറം I-ൽ താഴെപറയുന്നവ അടങ്ങിയിരിക്കുന്നു. സ്ഥാപനത്തിന്റെ പേര്, 1996-ലെ ബിഒസിഡബ്ല്യൂ (ആർഇസിഎസ്) ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ നമ്പർ രജിസ്റ്ററിംഗ് അതോറിറ്റി, വിലാസം, പ്രവൃത്തിയുടെ പേര്, ജോലിക്ക് നിയോഗിച്ച തൊഴിലാളികളുടെ എണ്ണം, പ്രവൃത്തി തുടങ്ങിയ ദിവസം, പ്രവൃത്തിയുടെ പ്രതീക്ഷിത കാലാവധി, കണക്കാക്കിയ നിർമ്മാണച്ചെലവ്, അടച്ച സെസ്സിന്റെ വിവരങ്ങൾ (അതായത് മുൻകൂർ തുക, സ്രോതസ്സിൽ നിന്നുള്ള കിഴിവ്, അന്തിമമായ തുക മുതലായവ), തൊഴിൽദാതാവിന്റെ പേര് മുതലായവ.

സംയോജനത്തിന്റെയും ഭാഗമായി ₹10.40 ലക്ഷം ചെലവിൽ എൽസിഎഎസ് നവീകരിക്കുന്നതിന് കെൽട്രോണുമായി തൊഴിൽ വകുപ്പ് കരാറിലേർപ്പെട്ടു (2018 മാർച്ച്). രജിസ്ട്രേഷൻ/പുതുക്കൽ, ലൈസൻസ്/പുതുക്കൽ, ഭേദഗതികൾ എന്നിവ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളും അനുസരിച്ച് ഓൺലൈൻ വഴി മാത്രമേ പൂർത്തിയാക്കാവൂ എന്ന് നിർദേശിച്ചുകൊണ്ട് ലേബർ കമ്മീഷണർ 2018 ഡിസംബറിൽ ഒരു സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. ലേബർ ഓഫീസർമാർ നടത്തുന്ന എല്ലാ പരിശോധനകളും എൽസിഎഎസ് വഴി ആയിരിക്കണമെന്നുണ്ട്.

കേരളത്തിൽ 1975-ലെ കേരളാ കെട്ടിടനിർമ്മാണ നികുതി നിയമത്തിലെ വകുപ്പുകൾ 3, 3എ[8] പ്രകാരം ഒഴിവാക്കിയ കെട്ടിടങ്ങൾ ഒഴികെയുള്ള എല്ലാ വിഭാഗം കെട്ടിടങ്ങൾക്കും ഒറ്റത്തവണ നികുതി ചുമത്താൻ റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. റവന്യൂ വകുപ്പിൽ നിന്നു ലഭ്യമായ ഒറ്റത്തവണ കെട്ടിടനിർമ്മാണ നികുതി സംബന്ധിച്ച ഡാറ്റ അനുസരിച്ച് 2021-23 കാലയളവിൽ മൊത്തം 2,57,104 നിർമ്മാണങ്ങളാണ് നടന്നതായി കണ്ടത്. എന്നാൽ, 2023 മാർച്ചിലെ കണക്കനുസരിച്ച് 10,113 നിർമ്മാണങ്ങൾ മാത്രമാണ് എൽസിഎഎസിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. റവന്യൂ വകുപ്പിൽ നിന്നും ലഭ്യമായ ഡാറ്റ പ്രകാരം നിർമ്മാണങ്ങളുടെ എണ്ണവും തൊഴിൽ വകുപ്പിന്റെ എൽസിഎഎസ് സോഫ്റ്റ്‌വെയർ പ്രകാരമുള്ള എണ്ണവും തമ്മിലുള്ള താരതമ്യം പട്ടിക **2.1-ൽ** കൊടുത്തിരിക്കുന്നു.

**പട്ടിക 2.1 : തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച ഡാറ്റയുടെ അടിസ്ഥാനത്തിൽ നിർമ്മാണങ്ങളുടെ എണ്ണവും എൽസിഎഎസ് സോഫ്റ്റ്‌വെയർ പ്രകാരമുള്ള എണ്ണവും തമ്മിലുള്ള താരതമ്യം**

| ജില്ല | റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച ഡാറ്റ പ്രകാരമുള്ള നിർമ്മാണങ്ങളുടെ എണ്ണം | എൽസിഎഎസ് പ്രകാരമുള്ള നിർമ്മാണങ്ങളുടെ എണ്ണം |
|---|---|---|
| കോഴിക്കോട് | 24,436 | 622 |
| മലപ്പുറം | 35,611 | 406 |
| എറണാകുളം | 25,809 | 574 |
| **ആകെ** | **85,856** | **1,602** |

*(ഉറവിടം: റവന്യൂവകുപ്പിൽ നിന്നും തൊഴിൽ വകുപ്പ് സോഫ്റ്റ്‌വെയറിൽ നിന്നും ലഭിച്ച ഡാറ്റ)*

ഇത് റവന്യൂ വകുപ്പിന്റെ രേഖകൾ പ്രകാരം നിലവിലുള്ള നിർമ്മാണങ്ങളുടെ യഥാർത്ഥ എണ്ണവും എൽസിഎഎസിൽ രജിസ്റ്റർ ചെയ്യപ്പെട്ട എണ്ണവും തമ്മിലുള്ള കാര്യമായ വ്യത്യാസമാണ് സൂചിപ്പിക്കുന്നത്. കൂടാതെ, ഇത് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനത്തിന്റെ ഫലശൂന്യത തെളിയിക്കുന്നു. സെസ്സ് പിരിച്ചെടുക്കുന്നതിനായി കഴിഞ്ഞ അഞ്ച് വർഷക്കാലം 2,82,998 നിർമ്മാണങ്ങൾ അടങ്ങിയ ഒരു പ്രത്യേക ഡാറ്റ ശേഖരം തൊഴിൽ വകുപ്പ് പരിപാലിച്ചിരുന്നതായി നിരീക്ഷിച്ചു. ഇത് തൊഴിൽ വകുപ്പ് പരിപാലിച്ചിരുന്ന ഡാറ്റയിലെ വൈരുദ്ധ്യത്തെ ചൂണ്ടിക്കാണിക്കുന്നു.

ഇൻവെന്ററി മാനേജ്മെന്റ്, തർക്കപരിഹാരം, ഗ്രാറ്റുവിറ്റി, കോൾസെന്റർ നിരീക്ഷണം, പരിശോധനകൾ നടത്തൽ തുടങ്ങിയ നടപടിക്രമങ്ങൾ എൽസിഎഎസ് വഴിയല്ല നിർവ്വഹിക്കപ്പെടുന്നതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ജില്ലകളിലെ അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ അമിതമായ ജോലിഭാരം മൂലം അവർക്ക് കെട്ടിട നിർമ്മാണത്തൊഴിലാളികളെ രജിസ്റ്റർ ചെയ്യാൻ ആവശ്യമായ സമയം ലഭിക്കുന്നില്ലെന്ന വസ്തുത ആണ് രജിസ്ട്രേഷന്റെ കുറഞ്ഞ നിരക്കിന് പ്രധാനമായും കാരണമാകുന്നതെന്ന് സർക്കാർ അറിയിച്ചു (2024 ജൂലൈ). രജിസ്റ്റർ ചെയ്യപ്പെടേണ്ട

[8] കേരള സർക്കാരിന്റെയോ, ഭാരതസർക്കാരിന്റെയോ ഏതെങ്കിലും തദ്ദേശ ഭരണസ്ഥാപനത്തിന്റെയോ കെട്ടിടങ്ങൾ; മുഖ്യമായും മതപരമായ, ജീവകാരുണ്യപരമോ, വിദ്യാഭ്യാസപരമോ ആയ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ; ഫാക്ടറികൾ, വർക്ക്ഷോപ്പുകൾ, സർക്കാർ വിജ്ഞാപനം ചെയ്ത മറ്റ് കെട്ടിടങ്ങൾ.

കെട്ടിടങ്ങളെക്കുറിച്ചുള്ള രേഖകൾ എൽഎസ്ജിഐകളിൽ നിന്ന് നേരിട്ട് ശേഖരിച്ച രജിസ്ട്രേഷൻ പ്രക്രിയ സർക്കാർ പുനഃക്രമീകരിക്കണമെന്നാണ് ഓഡിറ്റിന്റെ അഭിപ്രായം.

### 2.1.2. അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം

കമ്മീഷണറേറ്റിനു കീഴിലുള്ള 19 ക്ഷേമബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ തൊഴിലാളികളുടെയും ഡാറ്റ 'ഡിജിറ്റലൈസ്' ചെയ്യുന്നതിന്റെ ഭാഗമായി, തൊഴിൽ വകുപ്പിനു കീഴിലുള്ള എല്ലാ ക്ഷേമ ബോർഡുകളുടെയും പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനായി ലേബർ കമ്മീഷണറേറ്റിലെ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം (എഐഐഎസ്) നവീകരിക്കുന്നതിന് ₹1.39 കോടി ചെലവിൽ കെൽട്രോൺ (2019 ജൂലൈ) ഒരു പ്രോജക്ട്[9] നിർദ്ദേശിക്കുകയുണ്ടായി. സർക്കാർ 2021 മാർച്ചിൽ ₹1.39 കോടിയുടെ നിർദ്ദേശത്തിന് അനുമതി നൽകുകയും, പ്രൊജക്ടിന്റെ പ്രാരംഭഘട്ടം എന്ന നിലയിൽ എഐഐഎസ് സോഫ്റ്റ്‌വെയർ നവീകരിക്കാനായി ₹25 ലക്ഷം അനുവദിക്കുകയും ചെയ്തു. 2021 സെപ്റ്റംബറിൽ, പ്രോജക്ടിന്റെ ഒരു ഹ്രസ്വപതിപ്പ് നടപ്പിലാക്കാൻ തൊഴിൽ വകുപ്പ് തീരുമാനിച്ചു. ഇതിൽ തൊഴിൽ വകുപ്പിന് കീഴിലെ എല്ലാ ക്ഷേമ ബോർഡുകളിലേയും രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾക്കിടയിൽ, ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ, നോമിനേഷൻ സൗകര്യങ്ങൾ, തിരച്ചിലിനുള്ള സൗകര്യങ്ങൾ എന്നിവ പോലുള്ള പരിമിതമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി, ഇതിനായി ₹25 ലക്ഷം ചെലവാക്കി. പ്രോജക്ടിനുപയോഗിച്ച സോഫ്റ്റ്‌വെയറിൽ ഗുണഭോക്താക്കളുടെ പേര്, വിലാസം, ആധാർ നമ്പർ, ജനനത്തീയതി, ജാതി, സ്ഥാപനത്തിന്റെ വിലാസം, സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ ശിപാർശ ചെയ്ത ട്രേഡ് യൂണിയന്റെ പേര്, ബാങ്ക് വിവരങ്ങൾ, സേവനകാലാവധി എന്നിവ എളുപ്പത്തിൽ കണ്ടെത്താനുള്ള സൗകര്യങ്ങളുണ്ടായിരുന്നു. ഈ സോഫ്റ്റ്‌വെയറിന്റെ പരിമിതമായ പതിപ്പുപോലും ഉപയോഗപ്പെടുത്തുന്നതിൽ ബോർഡ് നിഷ്കർഷത കാണിച്ചില്ല എന്ന കാര്യം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഗുണഭോക്താക്കൾ നേരിട്ട് നൽകിയ വിവരങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് ആനുകൂല്യങ്ങൾ വിതരണം ചെയ്തത്. അല്ലാതെ എഐഐഎസിൽ രേഖപ്പെടുത്തിയ വിവരങ്ങൾ വഴി ആയിരുന്നില്ല. ബോർഡിൽ പുതുതായി അംഗത്വത്തിന് അപേക്ഷിച്ചിരുന്ന ഒരു ഗുണഭോക്താവ്, തൊഴിൽ വകുപ്പിനു കീഴിലെ വേറെ ഏതെങ്കിലും ക്ഷേമ ബോർഡിൽ അംഗമായിരുന്നോ എന്ന് പരിശോധിയ്ക്കാൻ മാത്രമാണ് പരിമിത പതിപ്പ് സോഫ്റ്റ്‌വെയറിലെ ഡാറ്റ ഉപയോഗിച്ചത്.

പ്രസ്തുത ഡാറ്റാബേസിലെ 5,54,294 ഗുണഭോക്താക്കൾ ഉൾക്കൊള്ളുന്ന ബോർഡിന്റെ ഡാറ്റയുടെ ഓഡിറ്റ് വിശകലനം താഴെ പറയുന്ന കാര്യങ്ങൾ വെളിപ്പെടുത്തുകയുണ്ടായി:

എ) 15,396 കേസുകളിൽ ഒരേ ബാങ്ക് അക്കൗണ്ട് നമ്പർ ഒന്നിൽ കൂടുതൽ ഗുണഭോക്താക്കൾക്ക് രേഖപ്പെടുത്തിയതായി കണ്ടു.
ബി) 127 കേസുകളിൽ ഗുണഭോക്താക്കളുടെ ആധാർ നമ്പർ അസാധു ആയിരുന്നു.
സി) 83 കേസുകളിൽ ഗുണഭോക്താക്കളുടെ ഐ ഡി യിൽ ഇരട്ടിപ്പ് വന്നിരുന്നു.

അങ്ങനെ, ഡാറ്റാബേസിൽ തെറ്റായ വിവരങ്ങൾ അടങ്ങിയിട്ടുണ്ടെന്നും, വിവരങ്ങൾ സാധൂകരിക്കുന്നതിനുള്ള ഒരു സംവിധാനവും ഇല്ലായിരുന്നു എന്നും വ്യക്തമാണ്. തൽഫലമായി സോഫ്റ്റ്‌വെയറിന്റെ പരിമിതമായ പതിപ്പുകൊണ്ട് ബോർഡിന് പ്രയോജനമുണ്ടായില്ല എന്ന കാരണത്താൽ ഉപയോഗം നിർത്തുകയും ചെയ്തു. ₹25 ലക്ഷം ചെലവഴിച്ചിട്ടും ഈ സോഫ്റ്റ്‌വെയർ വഴിയല്ലാതെ, ഗുണഭോക്താക്കളിൽ നിന്നും ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ആനുകൂല്യങ്ങൾ നൽകുന്നത്

[9] പ്രോജക്ടിൽ അംഗത്വ മാനേജ്മെന്റ്, നോമിനേഷൻ മാനേജ്മെന്റ്, ഐഡന്റിറ്റി കാർഡ് ജനറേഷൻ, മാസവരി മാനേജ്മെന്റ്, പെൻഷൻ, മറ്റ് ക്ഷേമ ആനുകൂല്യങ്ങൾ, ഡിജിറ്റൽ രേഖാനിർമ്മിതി, സർക്കാർ ഫണ്ടുകളുടെ മാനേജ്മെന്റ്, എസ്റ്റാബ്ലിഷ്മെന്റ്, വിവിധ റിപ്പോർട്ടിംഗ് സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

എന്നതിനാൽ മുഴുവൻ ചെലവും നിഷ്ഫലമായി. ഈ വിഷയത്തെ കുറിച്ച് സർക്കാരിന്റെ മറുപടിയിൽ ഒരു പരാമർശവും ഉൾപ്പെടുത്തിയില്ല.

***ശിപാർശ 1 : സെസ്സ് നിർണ്ണയം കൂടുതൽ കാര്യക്ഷമമാകത്തക്ക രീതിയിൽ എല്ലാ പ്രവൃത്തികളും ബോർഡിൽ രജിസ്റ്റർ ചെയ്ത് സെസ്സിന്റെ പരിധിയിൽ കൊണ്ടുവരുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കണം.***

***ശിപാർശ 2 : ഫലപ്രദമായ ഒരു ഡാറ്റാ മൂല്യനിർണ്ണയ സംവിധാനം നടപ്പിലാക്കുന്നുണ്ടെന്നും അതുവഴി സെസ്സ് അടയ്ക്കുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ ശരിയായി രേഖപ്പെടുത്തുന്ന തരത്തിൽ ഡാറ്റാബേസ് സ്വയംപര്യാപ്തമാണെന്ന് സർക്കാർ ഉറപ്പാക്കണം.***

## 2.2. സെസ്സ് നിർണ്ണയം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാതിരിക്കൽ

സെസ്സ് ചട്ടങ്ങളുടെ[10] 6-ാം ചട്ടപ്രകാരം എല്ലാ തൊഴിൽ ദാതാക്കളും പ്രവൃത്തി ആരംഭിച്ച് / സെസ്സ് അടച്ച 30 ദിവസത്തിനുള്ളിൽ ഫോറം I-ൽ നിർമ്മാണ പ്രവർത്തനത്തിന്റെ വിവരം, തൊഴിലാളികളുടെ എണ്ണം, കണക്കാക്കിയ നിർമ്മാണ ചെലവ് എന്നീ വിവരങ്ങൾ സെസ്സ് നിർണ്ണയ ഓഫീസർക്ക് നൽകണം. ഫോറം I-ലെ വിവരങ്ങൾ ലഭിച്ചു കഴിഞ്ഞാൽ സെസ്സ് നിർണ്ണയ ഓഫീസർ[11] വിവരങ്ങൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്ന് ബോധ്യപ്പെട്ടാൽ തൊഴിൽദാതാവ് നൽകേണ്ട സെസ്സ് തുക കാണിച്ചുകൊണ്ട് ആറ് മാസത്തിനുള്ളിൽ ഒരു സെസ്സ് നിർണ്ണയ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് സെസ്സ് ചട്ടങ്ങളിലെ ചട്ടം 7(1)-ൽ വ്യവസ്ഥ ചെയ്യുന്നു. നിർമ്മാണം പൂർത്തിയായി 30 ദിവസത്തിനകമോ സെസ്സ് നിർണ്ണയം പൂർത്തീകരിച്ച് 30 ദിവസത്തിനകമോ (ഏതാണോ ആദ്യം, അത് ) സെസ്സ് അടയ്ക്കാവുന്നതാണെന്ന് ചട്ടം 4 വ്യവസ്ഥ ചെയ്യുന്നു.

മുകളിൽ പറഞ്ഞ ചട്ടം 6 പ്രകാരം ഫോറം I കൈപ്പറ്റുന്നതിനും മറ്റും തൊഴിൽ വകുപ്പിൽ യാതൊരു സംവിധാനവും നിലവിലില്ലെന്ന് ഓഡിറ്റ് വേളയിൽ ബോധ്യപ്പെട്ടു. തൽഫലമായി സെസ്സ് നിർണ്ണയ ഓഫീസർക്ക് ചട്ടം 7(1) പ്രകാരമുള്ള തന്റെ ചുമതലകൾ നിർവ്വഹിക്കാൻ കഴിഞ്ഞിരുന്നില്ല. ഇത് ഫലത്തിൽ ചട്ടം 4 പ്രകാരം സെസ്സ് ചുമത്തുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ വകുപ്പ് നിഷേധിക്കുന്നതിന് കാരണമായി. എൽഎസ്ജിഐകൾ അവരുടെ അധികാര പരിധിയിലുള്ള കെട്ടിടങ്ങൾക്ക് വാസയോഗ്യ സാക്ഷ്യപത്രം നൽകാൻ ചുമതലപ്പെട്ടവയാണ്. എന്നാൽ, തെരഞ്ഞെടുത്ത ജില്ലകളിലെ ജില്ലാ ലേബർ ഓഫീസർമാർ (ഡിഎൽഒ) നിർമ്മാണം പൂർത്തിയായി സെസ്സ് ചുമത്തപ്പെടാൻ യോഗ്യതയുള്ള കെട്ടിടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ എൽഎസ്ജിഐകൾക്കു പകരം റവന്യൂ വകുപ്പിന് കീഴിലുള്ള താലൂക്ക് ഓഫീസുകളിൽ നിന്നുമാണ് ശേഖരിച്ചത്. റവന്യൂ വകുപ്പിൽ നിന്നും ശേഖരിച്ച വിവരങ്ങൾ സമഗ്രമായിരുന്നില്ലെന്ന് ഓഡിറ്റ് കണ്ടെത്തി.

തെരഞ്ഞെടുത്ത എൽഎസ്ജിഐകൾ, താലൂക്കാഫീസുകൾ, തൊഴിൽ വകുപ്പിന്റെ ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (എൽസിഎഎസ് ) എന്നീ മൂന്ന് വ്യത്യസ്ത ഉറവിടങ്ങളിൽ നിന്ന് ലഭ്യമായ കെട്ടിട നിർമ്മാണങ്ങളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ താരതമ്യം ചെയ്യാൻ ഓഡിറ്റ് ശ്രമിച്ചു. ഇതിന്റെ വിശദാംശങ്ങൾ **പട്ടിക 2.2-ൽ** നൽകിയിരിക്കുന്നു.

[10] കേന്ദ്രസർക്കാർ രൂപം നൽകിയ 1998-ലെ കെട്ടിട-കെട്ടിടേതര നിർമ്മാണ തൊഴിലാളി ക്ഷേമ സെസ്സ് ചട്ടങ്ങൾ

[11] ഡെപ്യൂട്ടി ലേബർ ഓഫീസർ ആന്റ് അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ് I)

**പട്ടിക 2.2 : എൽഎസ്ജിഐകൾ, താലൂക്കാഫീസുകൾ, എൽസിഎഎസ് സോഫ്റ്റ്‌വെയർ എന്നിവിടങ്ങളിൽ നിന്നും ലഭ്യമായ നിർമ്മാണങ്ങളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ**

| വർഷം | ലഭ്യമായ വിവരങ്ങൾ അനുസരിച്ചുള്ള നിർമ്മാണങ്ങളുടെ എണ്ണം | | |
|---|---|---|---|
| | എൽഎസ്ജിഐകൾ | താലൂക്കാഫീസുകൾ | എൽസിഎഎസ് സോഫ്റ്റ്‌വെയർ |
| 2018-19 | 2,828 | 986 | 85 |
| 2019-20 | 1,300 | 967 | 469 |
| 2020-21 | 1,191 | 437 | 124 |
| 2021-22 | 1,240 | 866 | 1 |
| 2022-23 | 753 | 1,038 | 0 |
| **ആകെ** | **7,312** | **4,294** | **679** |

*(ഉറവിടം: എൽഎസ്ജിഐകൾ, താലൂക്കാഫീസുകൾ, തൊഴിൽ വകുപ്പിന്റെ സോഫ്റ്റ്‌വെയർ എന്നിവിടങ്ങളിൽ നിന്നുള്ള വിവരങ്ങൾ)*

മേൽപ്പറഞ്ഞ എൽഎസ്ജിഐകളിൽ നിർമ്മിച്ച സെസ്സ് നിർണ്ണയത്തിന് യോഗ്യമായ മൊത്തം 7,312 കെട്ടിടങ്ങളിൽ, 4,294 കെട്ടിടങ്ങളുടെ വിശദവിവരങ്ങൾ മാത്രമേ റവന്യൂ വകുപ്പിനു കീഴിലെ താലൂക്കാഫീസുകൾ ശേഖരിച്ചിട്ടുള്ളൂ. ഈ 4,294 കെട്ടിടങ്ങളിൽ 679 കെട്ടിടങ്ങളുടെ വിശദാംശങ്ങൾ മാത്രമേ തുടർ നിർണ്ണയത്തിനായി എൽസിഎഎസിൽ രേഖപ്പെടുത്തിയിട്ടുള്ളൂ.

അങ്ങനെ, എൽഎസ്ജിഐകളിൽ വിശദാംശങ്ങൾ ലഭ്യമായ നിർമ്മാണങ്ങളുടെ വെറും 9.29 ശതമാനത്തിനു മാത്രമേ തൊഴിൽ വകുപ്പിന് സെസ്സ് നിർണ്ണയിക്കാൻ സാധിച്ചിട്ടുള്ളൂ.

മുൻ മാസങ്ങളിൽ ബന്ധപ്പെട്ട എൽഎസ്ജിഐകളുടെ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട എല്ലാ കെട്ടിടങ്ങളുടേയും വിശദാംശങ്ങൾ ശേഖരിക്കാനും, ഇതു സംബന്ധിച്ച സെസ്സ് നിർണ്ണയ രജിസ്റ്ററുകളിൽ ഒരു സർട്ടിഫിക്കറ്റ് രേഖപ്പെടുത്താനും ലേബർ കമ്മീഷണർ എല്ലാ ഡിഎൽഒമാർക്കും നിർദ്ദേശം (2020 ഒക്ടോബർ) നൽകിയതായി ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, ഈ ഉത്തരവ് പാലിയ്ക്കപ്പെട്ടിട്ടില്ല (2023 ഡിസംബർ). അങ്ങനെ, എൽഎസ്ജിഐകളിൽ നിന്നുള്ള സെസ്സ് നിർണ്ണയത്തിന് വിധേയമാകേണ്ട കെട്ടിടങ്ങളുടെ സമഗ്രമായ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിൽ ഡിഎൽഒമാരുടെ ഭാഗത്തു നിന്നും ഉണ്ടായ അലംഭാവം സെസ്സ് നിർണ്ണയത്തിൽ നിന്ന് ഒഴിവാകുന്നതിൽ പ്രസ്തുത കെട്ടിടങ്ങൾക്ക് സഹായകമായി.

2024 ഫെബ്രുവരി 14-ന് പുറപ്പെടുവിച്ച ഉത്തരവുപ്രകാരം സെസ്സ് പിരിയ്ക്കുന്നതിനുള്ള ഉത്തരവാദിത്തം എൽഎസ്ജിഐകളെ ഏല്പിച്ചതായി ലേബർ കമ്മീഷണർ പ്രസ്താവിച്ചു (2024 ജൂൺ). ഇക്കാര്യത്തിൽ സർക്കാർ ഒരു മറുപടിയും നൽകിയില്ല.

***ശിപാർശ 3 : എൽഎസ്ജിഐകൾ അനുമതി നൽകിയ എല്ലാ നിർമ്മാണങ്ങളുടെയും വിശദാംശങ്ങൾ ശേഖരിച്ച് എൽസിഎഎസ് സോഫ്റ്റ്‌വെയറിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് സർക്കാർ ഉറപ്പാക്കണം. ഇതു വഴി, സർക്കാരിന് സെസ്സ് സംബന്ധിച്ച ശരിയായ നിർണ്ണയം നടത്താൻ കഴിയും.***

## 2.3. സെസ്സ് നിർണ്ണയിക്കുന്നതിലെ കാലതാമസം

സെസ്സ് ചട്ടങ്ങളിലെ ചട്ടം 6(1) പ്രകാരം, എല്ലാ തൊഴിൽദാതാക്കളും തങ്ങളുടെ പ്രവൃത്തി തുടങ്ങി/സെസ്സ് അടച്ച് 30 ദിവസത്തിനകം ഫോറം I-ൽ വിവരങ്ങൾ നൽകേണ്ടതാണ്. കൂടാതെ, പ്രസ്തുത ചട്ടങ്ങളുടെ ചട്ടം 7 പ്രകാരം ഫോറം I ലഭിച്ച് ആറ് മാസത്തിനുള്ളിൽ സെസ്സ് നിർണ്ണയ ഓഫീസർ സെസ്സ് നിർണ്ണയ ഓർഡർ പുറപ്പെടുവിയ്ക്കേണ്ടതും, ഫോറം I നൽകിയിട്ടില്ലെങ്കിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ സെസ്സ് നിർണ്ണയം നടത്തേണ്ടതുമാണ്.

തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ 300 സെസ്സ് നിർണ്ണയ കേസുകൾ ഓഡിറ്റ് വിശകലനം ചെയ്തു. ഇതിൽ ഒന്നിലും ഫോറം I നൽകിയിരുന്നില്ല എന്ന് കണ്ടെത്തുകയും ചെയ്തു. അതിനാൽ, സെസ്സ് നിർണ്ണയ ഓഫീസർ നിർമ്മാണം പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ താലൂക്ക്, വില്ലേജ് ഓഫീസുകളിൽ നിന്നും ശേഖരിക്കുകയും പ്ലിന്ത് ഏരിയ, നിർമ്മാണം പൂർത്തിയായ വർഷം[12] എന്നിവയെ അടിസ്ഥാനമാക്കി സെസ്സ് കണക്കാക്കുകയും ചെയ്തു.

**പട്ടിക 2.3-ൽ** കാണിച്ചിരിക്കുന്നത് പോലെ 282 കേസുകളിൽ സെസ്സ് നിർണ്ണയിക്കുന്നതിൽ ഒന്നു മുതൽ അഞ്ചു വർഷം വരെ കാലതാമസം ഉണ്ടായതായി സെസ്സ് നിർണ്ണയ അപഗ്രഥനം വെളിപ്പെടുത്തുകയുണ്ടായി.

**പട്ടിക 2.3: കെട്ടിട നിർമ്മാണ പൂർത്തീകരണത്തിനും പ്രഥമ നോട്ടീസ് നൽകുന്നതിനും ഇടയ്ക്കുള്ള കാലയളവ്**

| ക്രമനമ്പർ | കെട്ടിട നിർമ്മാണ പൂർത്തീകരണത്തിനും പ്രഥമ നോട്ടീസ് നൽകുന്നതിനും ഇടയ്ക്കുള്ള കാലയളവ് | സന്ദർഭങ്ങളുടെ എണ്ണം |
|---|---|---|
| 1. | ഒരു വർഷത്തിൽ കുറവ് | 99 |
| 2. | ഒന്ന് മുതൽ മൂന്ന് വർഷം വരെ | 84 |
| 3. | മൂന്ന് മുതൽ അഞ്ച് വർഷം വരെ | 51 |
| 4. | അഞ്ചുവർഷവും അതിനു മുകളിലും | 48 |
| **ആകെ** | | **282** |

*(ഉറവിടം : ജില്ലാ ലേബർ ഓഫീസുകളിൽ നിന്നുള്ള സെസ്സ് നിർണ്ണയ ഉത്തരവുകൾ)*

തൊഴിൽ ദാതാവ് ഫോറം I-ൽ വിവരങ്ങൾ നൽകിയിട്ടുള്ള സന്ദർഭങ്ങളിൽ സെസ്സ് നിർണ്ണയത്തിന് ആറ് മാസം സമയപരിധി ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമം വ്യവസ്ഥ ചെയ്യുന്നു. തൊഴിൽദാതാവ് മുകളിൽ പറയുന്നവയിൽ വീഴ്ച വരുത്തിയാൽ ലഭ്യമായ രേഖകളുടെയും, അതുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങളുടെയും അടിസ്ഥാനത്തിൽ സെസ്സ് നിർണ്ണയം നടത്താൻ ചട്ടങ്ങൾ സെസ്സ് നിർണ്ണയ ഓഫീസറെ ചുമതലപ്പെടുത്തുന്നു. എന്നാൽ, സെസ്സ് നിർണ്ണയം നടത്തുന്നതിന്, സെസ്സ് നിർണ്ണയ ഓഫീസർക്ക് ഒരു സമയപരിധി നിശ്ചയിച്ചിട്ടില്ല. സെസ്സ് നിർണ്ണയത്തിലുണ്ടായ കാലതാമസം സെസ്സ് അടയ്ക്കുന്നതിലും കാലതാമസത്തിന് കാരണമായി.

2024 സെപ്റ്റംബർ വരെ സർക്കാർ ഇതിന് മറുപടിയൊന്നും നൽകിയില്ല.

## 2.4. ഉപസംഹാരം

കെട്ടിട നിർമ്മാണ തൊഴിലാളികളെ ജോലിക്കു നിർത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ എൽസിഎംഎസ് രജിസ്ട്രേഷൻ പോർട്ടലിൽ രേഖപ്പെടുത്തിയിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഗുണഭോക്താക്കൾക്കുള്ള എഐഐഎസ് ഡാറ്റാബേസ് സംവിധാനം ബോർഡ് പൂർണ്ണമായും ഉപയോഗപ്പെടുത്തിയിരുന്നില്ല. തെരഞ്ഞെടുക്കപ്പെട്ട എൽഎസ്ജിഐകളിൽ നിർമ്മാണം പൂർത്തിയാക്കിയവയും സെസ്സ് നിർണ്ണയത്തിന് യോഗ്യതയുണ്ടായിരുന്നതുമായ, മൊത്തം 7,312 കെട്ടിടങ്ങളിൽ 4,294 എണ്ണത്തിന്റെ വിശദാംശങ്ങൾ മാത്രമേ റവന്യൂ വകുപ്പിലെ താലൂക്ക് ഓഫീസർമാർ ശേഖരിച്ചിരുന്നുള്ളൂ. ഇവയിൽ 679 കെട്ടിടങ്ങളുടെ വിശദാംശങ്ങൾ മാത്രമാണ് എൽസിഎംഎസിൽ രേഖപ്പെടുത്തിയിരുന്നത്. ഇത് രജിസ്ട്രേഷൻ സംവിധാനത്തിന്റെ പ്രവർത്തനത്തിലെ ഉദാസീനത വെളിവാക്കുന്നു.

---

[12] 2017 ജൂലൈ 14-ാം തീയതിയിലെ കേരള സർക്കാർ ഉത്തരവ്.